(ബി) ഭരണാനുമതി നൽകിയശേഷം ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമായതിനാൽ അക്വിസിഷൻ ചെലവ് വേണ്ടിവരാത്തതുകൊണ്ടാണ് അനുമതി തുകയിൽ കുറവുണ്ടായതെന്നും റിവിഷൻ ആവശ്യമായി വന്നതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭരണാനുമതി ലഭിച്ചതിനുശേഷം സൗജന്യമായി ലഭിച്ച ഭൂമിയിലെ നിർമ്മിതികൾ നീക്കുന്നതിന് 2012-ലെ ഭരണാനുമതി പ്രകാരം ഒരു ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ ഭരണാനുമതി പുതുക്കി ലഭിക്കാൻ അർഹതയുണ്ടായിട്ടും പ്രസ്തുത ഫയലിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അന്തിമ ഉത്തരവ് എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച ഫയൽ പരിഗണനയിലാണ്.

(ബി) ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന പുതുക്കിയ ഭരണാനുമതി നിർദ്ദേശത്തിൽ കണ്ണൂർ മുനിസിപ്പാലിറ്റിയിലുള്ള റോഡുഭാഗവും കോട്ടാളിക്കും കക്കാടിനും ഇടയിലുള്ള റോഡുഭാഗവും ഒഴിവാക്കിയതുകൊണ്ടുകൂടിയാണ് എസ്റ്റിമേറ്റ് തുകയിൽ കുറവ് വന്നിട്ടുള്ളത്.

(സി&ഡി) ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് എത്രയും വേഗം ഫയലിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

## ആസ്തി വികസന ഫണ്ടിലെ പ്രൊപ്പോസലുകൾ

61 (1885) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും 2011-12 മുതൽ 2015-16 വരെ വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും എത്രയൊക്കെ പ്രപ്പോസലുകൾ ലഭിച്ചു എന്നും ഓരോ പ്രവൃത്തിയുടേയും പ്രപ്പോസൽ എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തി പൂർത്തിയായെന്നും വിശദമാക്കുമോ ;

(സി) ഭരണാനുമതി നൽകാത്ത പ്രപ്പോസലുകളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി ആരംഭിച്ച സാമ്പത്തിക വർഷം 2012-13 മുതൽ 2015-16 വരെ വിദ്യാഭ്യാസം, ആരോഗ്യ-കുടുംബക്ഷേമം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ശുപാർശ ചെയ്ത് ലഭിക്കുകയും ധനകാര്യ വകുപ്പ് അനുമതി നൽകിയതുമായ പ്രപ്പോസലുകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**ശമ്പള കമ്മീഷനുവേണ്ടിയുള്ള ചെലവ്**

62 (1886) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ചെയർമാനും മറ്റ് അംഗങ്ങളും അന്യ സംസ്ഥാനങ്ങളിലേക്ക് യാത്ര നടത്തിയിട്ടുണ്ടെങ്കിൽ എത്ര തവണ ; യാത്ര ബത്ത ഇനത്തിൽ എത്ര രൂപ കൈപ്പറ്റി ; വിശദമാക്കാമോ ;

(ബി) ചെയർമാൻ, അംഗങ്ങൾ, മറ്റ് ജീവനക്കാർ എന്നിവരുടെ ഒരു മാസത്തെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ എത്ര വീതമാണ്; വിശദമാക്കാമോ ; ശമ്പളം, അലവൻസുകൾ, യാത്ര ബത്ത, മറ്റ് കാര്യങ്ങൾ തുടങ്ങിയ ഇനങ്ങളിൽ നാളിതുവരെ എത്ര രൂപയാണ് ചെലവഴിച്ചത് ?

ഉത്തരം

(എ) പത്താം ശമ്പള കമ്മീഷൻ ചെയർമാനും മറ്റ് അംഗങ്ങളും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്, സർക്കാർ മേഖലയിൽ വിവരസാങ്കേതികവിദ്യയുടെ സമഗ്ര ഉപയോഗം തുടങ്ങിയ പരിഗണനാ വിഷയങ്ങളെപ്പറ്റി പഠിക്കുന്നതിനായി 2 തവണ അന്യസംസ്ഥാനങ്ങളിലേയ്ക്ക് യാത്ര നടത്തിയിട്ടുണ്ട്. പ്രസ്തുത യാത്രാ ഇനത്തിൽ 4,60,682 രൂപ ചെലവായിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly